


മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്

പൗരാവകാശരേഖ 2026



“ The best way to find yourself is to lose yourself in the Service of Others”

മഹാത്മാഗാന്ധി
സ്വയംഭരണ ഗ്രാമങ്ങളുടെ പിതാവ്

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്
പരിഷ്ക്കരിച്ച പൗരാവകാശരേഖ

ആമുഖം

ബഹുമാന്യരെ,

കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 272 വകുപ്പ് അനുശാസിക്കുന്ന പ്രകാര മുള്ള പൗരാവകാശരേഖ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് പുതുക്കി പ്രസിദ്ധീകരിച്ച് ബഹുമാന്യരായ ഗ്രാമവാസികൾക്ക് സമർപ്പിക്കുകയാണ്. ജനനം മുതൽ ജീവിതാന്ത്യം വരെയുള്ള വിവിധ മനുഷ്യാവസ്ഥകൾ പഞ്ചായത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏതെങ്കിലും രേഖയിൽ ഒരു പ്രാവശ്യം എങ്കിലും ഉൾപ്പെടാത്ത ഒരു പൗരനും ഉണ്ടാകില്ല. ഭരണരംഗം കൂടുതൽ സുതാര്യവും ജനപങ്കാളിത്തംകൊണ്ടും സമൃദ്ധമായ ഈ കാലഘത്തിൽ ഭരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അഴിമതി തടയുന്നതിനും പഞ്ചായത്തുമായി ബന്ധപ്പെടുന്ന പൊതുജനത്തിന് സമയബന്ധിത മായി സേവനങ്ങൾ നൽകുന്നതിനും കൂടുതൽ സുതാര്യമായ ഒരു ജനപക്ഷസമീ പനം ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നതിനും പൗരാവകാശരേഖ സഹായകരമാകും. പഞ്ചായത്ത് സംവിധാനത്തിൽ ഒരു പൗരന് അവകാശപ്പെട്ടത് എന്തൊക്കെ എന്ന് അവനറിയാൻ അവകാശമുണ്ടാക്കുക എന്നത് പഞ്ചായത്തിന്റെ പ്രാഥമിക കർത്തവ്യമാണ്. പൗരാവകാശരേഖയുടെ പ്രസിദ്ധീകരണ ത്തിലൂടെ അത് സാദ്ധ്യമാക്കാനാണ് ശ്രമിക്കുന്നത്.

ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ കൂടുതൽ വേഗത്തിൽ സേവനങ്ങൾ ലഭ്യ മാക്കുമെന്നും ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി ഗ്രാമസഭയുടെ നിർദ്ദേശാനുസരണം വിവിധ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കും എന്ന് ഉറപ്പ് നൽകിക്കൊണ്ട് പൗരാവകാശരേഖയുടെ പ്രസിദ്ധീകരണത്തിന് സഹായിച്ച എല്ലാ സുമനസ്സുകൾക്കും നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

(ഒപ്പ്)
ഷാനവാസ്. ഇ
സെക്രട്ടറി

(ഒപ്പ്)
രജനി സുനിൽ
പ്രസിഡന്റ്

മൈനാഗപ്പള്ളി
10.06.2026

പൗരാവകാശ രേഖ 2026

ഉള്ളടക്കം

1. ആമുഖം
2. ഉള്ളടക്കം
3. പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ
4. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി
5. ഭരണസമിതി അംഗങ്ങളുടെ ഫോട്ടോ
6. പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളുടെ ഘടന
7. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രത്യേക സമിതികൾ
8. നിർവ്വഹണ ഉദ്യോഗസ്ഥർ
9. പ്രധാന ടെലിഫോൺ നമ്പരുകൾ
10. വർക്കിംഗ് ഗ്രൂപ്പ് 202627
11. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ
12. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ
13. ഗ്രാമസഭ
14. അയൽസഭ/വാർഡ് വികസനസമിതി/ഗ്രാമകേന്ദ്രം
15. ഓംബുഡ്സ്മാൻ
16. ട്രൈബ്യൂണൽ
17. വിവരാവകാശ നിയമം 2005
18. വിബിജി റാംജി
19. മൈനാഗപ്പള്ളി പഞ്ചായത്തിലെ വിവരാവകാശ അനുബന്ധിച്ച അധികാരികളുടെ പേര് വിവരങ്ങൾ
20. ഫ്രണ്ട് ആഫീസ്ജനസൗഹൃദകേന്ദ്രം 20
21. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ
22. കൃഷി ഓഫീസിൽ നിന്നുള്ള സേവനങ്ങൾ
23. ഗവ.എൽ.പി സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ
24. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
25. ആയുർവ്വേദ ഡിസ്പെൻസറി
26. ഹാമിയോ ഡിസ്പെൻസറി
27. മൃഗാശുപ്രതി
28. ഗ്രാമസേവകന്റെ ഓഫീസ്
29. ഐ.സി.ഡി.എസ് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
30. അംഗൻവാടികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
31. കുടുംബശ്രീ
32. ജാഗ്രതാസമിതി

പൊതുവിവരങ്ങൾ

ജില്ല	:	കൊല്ലം
താലൂക്ക്	:	കുന്നത്തൂർ
വില്ലേജ്	:	മൈനാഗപ്പള്ളി
പാർലമെന്റ് മണ്ഡലം:	:	മാവേലിക്കര
അസംബ്ലി മണ്ഡലം	:	കുന്നത്തൂർ
ബ്ലോക്ക് പഞ്ചായത്ത്	:	ശാസ്താംകോട്ട
ജില്ലാപഞ്ചായത്ത് ഡിവിഷൻ	:	തൊടിയൂർ, ശൂരനാട്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മൈനാഗപ്പള്ളി	:	മൈനാഗപ്പള്ളി, കടപ്പ, വേങ്ങ, പതാരം,
വിദ്യാഭ്യാസജില്ല	:	കൊല്ലം
വാർഡുകൾ	:	24
വിസ്തൃതി	:	24.42 ച കി.മീ.
അതിരുകൾ	:	വടക്ക് – ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്
		കിഴക്ക് – ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
		തെക്ക് – തേവലക്കര ഗ്രാമപഞ്ചായത്ത്
		പടിഞ്ഞാറ് – തൊടിയൂർ ഗ്രാമപഞ്ചായത്ത്
		തെക്ക് കിഴക്ക് – പടി. കല്ലട ഗ്രാമപഞ്ചായത്ത്
ജനസംഖ്യ	:	45336 (സെൻസസ് 2011)
പുരുഷൻമാർ	:	22117
സ്ത്രീകൾ	:	23219
ജനസാന്ദ്രത	:	2017
പഞ്ചായത്ത് രൂപം കൊണ്ട വർഷം	:	15.08.1953

പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും
(ഘടന)

പഞ്ചായത്ത് ഭരണസമിതി

സ്റ്റിയറിംഗ് കമ്മിറ്റി

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി,
വികസനസ്റ്റാന്റിംഗ് കമ്മിറ്റി,
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി,
ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

പഞ്ചായത്ത് ഓഫീസ്	:	ഗ്രാമപഞ്ചായത്ത് സെക്രട്ടറി
പ്രൈമറി വിദ്യാഭ്യാസം	:	ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്
കൃഷി ഭവൻ	:	കൃഷി ഓഫീസർ
സാമൂഹിക ആരോഗ്യകേന്ദ്രം	:	മെഡിക്കൽ ഓഫീസർ
ഹോമിയോ ആശുപത്രി	:	മെഡിക്കൽ ഓഫീസർ (ഹോമിയോ)
ആയുർവ്വേദ ആശുപത്രി	:	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)
വെറ്ററിനറി ഡിസ്പെൻസറി	:	വെറ്റിനറി സർജൻ
ഗ്രാമവികസനം	:	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പൊതുമരാമത്ത്	:	അസി. എൻജിനീയർ എൽ.എസ്.ജി.ഡി
അംഗൻവാടികൾ	:	സൂപ്പർവൈസർ (ഐ.സി.ഡി.എസ്)

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഭരണസമിതി

വാർഡ് നമ്പർ	പേര്	ഫോൺ നമ്പർ	
12	രജനി സുനിൽ	9048342363	പ്രസിഡന്റ്
23	കെ. പി. വേണുഗോപാൽ	9447906742	വൈസ് പ്രസിഡന്റ്
6	ശാന്തകുമാരി അമ്മ	9539393896	വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
7	ജോസ് മത്തായി	9400733441	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
15	മണി. പി	9744976402	ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
1	ഷെറീനാ സഞ്ജയ്	7034316035	ഗ്രാമപഞ്ചായത്തംഗം
2	ഫർഹാന നസീർ	9747049547	ഗ്രാമപഞ്ചായത്തംഗം
3	അനിതകുമാരി	9744897891	ഗ്രാമപഞ്ചായത്തംഗം
4	റിയാസ്	9995635658	ഗ്രാമപഞ്ചായത്തംഗം
5	ജോളി മാത്യു	9656057149	ഗ്രാമപഞ്ചായത്തംഗം
8	അബ്ദുൽ റഷീദ്	8113830765	ഗ്രാമപഞ്ചായത്തംഗം
9	കെ. രാധാകൃഷ്ണപിള്ള	9947248939	ഗ്രാമപഞ്ചായത്തംഗം
10	നിഷ സന്തോഷ്	7356575884	ഗ്രാമപഞ്ചായത്തംഗം
11	അഖില ഭവനം സജീവ്	9847925296	ഗ്രാമപഞ്ചായത്തംഗം
13	എബി പാപ്പച്ചൻ	9847335073	ഗ്രാമപഞ്ചായത്തംഗം
14	പ്രദീഷ് കുമാർ	9567229191	ഗ്രാമപഞ്ചായത്തംഗം
16	സിജു കോശി വൈദ്യൻ	9846997922	ഗ്രാമപഞ്ചായത്തംഗം
17	വർഗ്ഗീസ് തരകൻ	9946440580	ഗ്രാമപഞ്ചായത്തംഗം
18	അഡ്വ. പി.കെ. ഗോപകുമാർ	9447257925	ഗ്രാമപഞ്ചായത്തംഗം
19	സവിതാ ചന്ദ്രൻ	8848462413	ഗ്രാമപഞ്ചായത്തംഗം
20	സന്ധ്യ മധു	9526239812	ഗ്രാമപഞ്ചായത്തംഗം
21	സന്തോഷ്	9074891674	ഗ്രാമപഞ്ചായത്തംഗം
22	ജെ. റഹിയാനത്ത്	9745423180	ഗ്രാമപഞ്ചായത്തംഗം
24	അമൃതാരതീശൻ	9633265563	ഗ്രാമപഞ്ചായത്തംഗം
	ഷാനവാസ്. ഇ	9496041711	സെക്രട്ടറി

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രത്യേക സമിതികൾ

1. സ്പെഷ്യൽ ഇന്റ്റഗ്രേഷൻ കമ്മിറ്റി (എസ്.ഐ.സി) സ്ഥലപരാസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നു.
2. ജൈവവൈവിധ്യ പരിപാലന കമ്മിറ്റി (ബി.എം.സി) ഗ്രാമപഞ്ചായത്തിലെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നു.
3. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (പി.എച്ച്.സി, ഹോമിയോ, വെറ്റിനറി, ആയുർവ്വേദം)
4. പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി
5. ജാഗ്രതാ സമിതി
6. വർക്കിംഗ് ഗ്രൂപ്പുകൾ
7. വിവിധ പ്രോജക്ടുകളുടെ മോണിട്ടറിംഗ് കമ്മിറ്റി
8. വിജിലൻസ് & മോണിട്ടറിംഗ് കമ്മിറ്റി (എം.ജി.എൻ.ആർ.ഇ.ജി.എസ്)
9. സോഷ്യൽ ആഡിറ്റ് ടീമുകൾ (എം.ജി.എൻ.ആർ.ഇ.ജി.എസ്)
10. കുടുംബശ്രീ വിലയിരുത്തൽ സമിതി
11. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട സമിതി
12. പാടശേഖര സമിതി
13. വില്ലേജ്തല വികസനസമിതി
14. ഭക്ഷ്യ ഉപദേശകസമിതി
15. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി
16. പഞ്ചായത്ത് സാനിറ്റേഷൻ സമിതി

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്

ജീവനക്കാർ

ക്രമ നമ്പർ	പേര്	ഔദ്യോഗിക സ്ഥാനം
1	ഷാനവാസ് .ഇ	സെക്രട്ടറി
2	ബി ഹരികുമാർ	അസി.സെക്രട്ടറി
3	അജയ് പ്രാണ്. ബി	ഹെഡ്ക്ലർക്ക്
4		അക്കൗണ്ടന്റ്
5	സുനിമോൾ. കെ. വി	സീനിയർ ക്ലർക്ക്
6	അനുമോൾ	സീനിയർ ക്ലർക്ക്
7	മിനികുമാരി	സീനിയർ ക്ലർക്ക്
8	ഹസീന	സീനിയർ ക്ലർക്ക്
9	പ്രിയ	ക്ലർക്ക്
10	സലീമ സലീംകുമാർ	ക്ലർക്ക്
11	അർച്ചന രവീന്ദ്രൻ	ക്ലർക്ക്
12	ശ്യാംകുമാർ	ക്ലർക്ക്
13	പ്രിയ. ആർ	ഓഫീസ് അറ്റൻറൻഡൻറ്
14	ജയപ്രഭ	ഓഫീസ് അറ്റൻറൻഡൻറ്
15	സുധീർ	പാർട്ടടൈം സ്വീപ്പർ
16	നാസറുദ്ദീൻകുട്ടി	പാർട്ടടൈം ലൈബ്രേറിയൻ
17	ജോൺ ഡി	ഡ്രൈവർ
18	സൈബുന്നിസ	പാർട്ടടൈം സ്വീപ്പർ
19	ബാലു പി. എ	ടെക്നിക്കൽ അസിസ്റ്റന്റ്
20	ജയന്തി	പ്രോജക്ട് അസിസ്റ്ററൻറ്
21	ലീജ	ഹെൽത്ത് ഇൻസ്പെക്ടർ
22		ഡാറ്റാ എൻട്രി ഓപ്പറേറ്റർ
23	ദിവ്യ	ഇൻറേൺ വ്യവസായ വകുപ്പ്
	എഞ്ചിനീയറിംഗ് വിഭാഗം	
1	ഫസീലാ ബീവി	അസിസ്റ്ററൻറ് എഞ്ചിനീയർ
2	ഷൈനി ജോൺ	ഓവർസിയർ
3	ഷംന	ക്ലർക്ക്(ഡെയ് ലി വേജസ്)
4	അരുൺ	സിവിൽ ട്രെയിനി
5	മാധവ്	ഓവർസിയർ
6	രതീഷ്	ഡ്രൈവർ
	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	
1	ദീപക്	വി ഇ ഒ
2	സുജിതരാമചന്ദ്രൻ	വി ഇ ഒ
	VBG - RAM G പദ്ധതി	
1	സിജിന ഇ. എൻ	അക്രഡിറ്റഡ് എഞ്ചിനീയർ
2	കൃഷ്ണകുമാർ	അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ
3	സുജിഷ	അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ
4	രേഷ്മ രവി	ഓവർസിയർ
5	പ്രിയങ്ക	ഓവർസിയർ

സാക്ഷരത		
ക്രമ നമ്പർ	പേര്	ഔദ്യോഗിക സ്ഥാനം
1	ദീപ എസ്	പ്രേരക്
2	ഉഷാകുമാരി അമ്മ	പ്രേരക്
3	റംലാ ബീവി എസ്	പ്രേരക്
	കുടുംബശ്രീ	
1	ഷജിന	ചെയർപേഴ്സൺ
2	കാർത്തിക	വൈസ് ചെയർപേഴ്സൺ
3	സാലി	അക്കൗണ്ടന്റ്
	നിർവ്വഹണ ഉദ്യോഗസ്ഥർ	
1	ഷാനവാസ് ഇ	സെക്രട്ടറി
2	ഹരികുമാർ ബി	അസി സെക്രട്ടറി
3	ഡോ. ബുഷ്റ	മെഡിക്കൽ ഓഫീസർ
4	ഡോ.ഇന്ദു ശേഖർ	ഹോമിയോ ഡോക്ടർ
5	ഡോ .രഞ്ചിനി	ആയുർവേദ ഡോക്ടർ
6	ഡോ.അരുൺകുമാർ	വെറ്റിനറി ഡോക്ടർ
7	അന്നമ്മ ജോസഫ്	എച്ച്. എം
8	അശ്വതി	കൃഷി ഓഫീസർ
9	ആര്യ	ഫിഷറീസ് ഇൻസ്ട്രക്ടർ
10	സന്ധ്യ	ഐ.സിഡി എസ് സൂപ്പർവൈസർ
11	ഹാഷിറ.ബി.	ഡയറിഫാം ഇൻസ്ട്രക്ടർ
12	ദീപക്	വി. ഇ .ഒ
13	സുജിത രാമചന്ദ്രൻ	വി. ഇ. ഒ
14	ഫസീലബീവി. എ	അസിസ്റ്റന്റ് എൻജിനിയർ

ആസൂത്രണസമിതിഅംഗങ്ങൾ

1	രജനി സുനിൽ	പ്രസിഡൻറ്, അദ്ധ്യക്ഷൻ
2	കെ പി ദിനേശ്	ഉപാദ്ധ്യക്ഷൻ
3	കെ പി വേണുഗോപാൽ	വൈസ് പ്രസിഡൻറ്
4	ഷാനവാസ് ഇ	സെക്രട്ടറി
5	ശാന്തകുമാരി അമ്മ	വികസനസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
6	ജോസ് മത്തായി	ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
7	മണി പി	ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
8	വൈ ഷാജഹാൻ	ആസൂത്രണസമിതി അംഗം
9	വിജയകൃഷ്ണൻ	ആസൂത്രണസമിതി അംഗം
10	തുളസീധരൻ പിള്ള	ആസൂത്രണസമിതി അംഗം
11	കമൽദാസ്, കുന്നത്ത് വീട്	ആസൂത്രണസമിതി അംഗം
12	ഷാജി തോമസ്	ആസൂത്രണസമിതി അംഗം
13	മദനമോഹനൻ	ആസൂത്രണസമിതി അംഗം

പ്രധാന ഫോൺനമ്പരുകൾ

1	ഗ്രാമപഞ്ചായത്ത്, മൈനാഗപ്പള്ളി	0476-2847741
2	വില്ലേജ് ഓഫീസ്, മൈനാഗപ്പള്ളി	
3	കൃഷി ഭവൻ, മൈനാഗപ്പള്ളി	
4	മൃഗാശുപത്രി, മൈനാഗപ്പള്ളി	
5	സി.എച്ച്.സി, മൈനാഗപ്പള്ളി	
6	കുടുംബശ്രീ, മൈനാഗപ്പള്ളി	0476-2820100
7	ട്രഷറി, കരുനാഗപ്പള്ളി	0476-2830349
8	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്	0474-2794961
9	പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്	0474-2793431
10	ബ്ലോക്ക് പഞ്ചായത്ത് ശാസ്താംകോട്ട	0476-2831003
11	ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ	
12	ഗ്രാമപഞ്ചായത്ത്, ശൂരനാട്തെക്ക്	0476-2851349
13	ഗ്രാമപഞ്ചായത്ത്, ശാസ്താംകോട്ട	0476-2830236
14	ഗ്രാമപഞ്ചായത്ത്, തൊടിയൂർ	0476-22660276
15	ഗ്രാമപഞ്ചായത്ത്, ശൂരനാട് വടക്ക്	0476-2851341
16	ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറെ കല്ലട	0476-2830391
17	ഗ്രാമപഞ്ചായത്ത്, കുന്നത്തൂർ	0476-2856125
18	കെ.എസ്.ഇ.ബി, ശാസ്താംകോട്ട	0476-2830244
19	കെ.എസ്.ഇ.ബി, കടമ്പനാട്	04734-282021
20	കെ.എസ്.ഇ.ബി, തെങ്ങമം പള്ളിക്കൽ	04734-289494
21	കെ.എസ്.ഇ.ബി, ശൂരനാട്	0476-2851300
22	പോലീസ് സ്റ്റേഷൻ, ശൂരനാട്	0476-2851208
23	സി.ഐ, ശാസ്താംകോട്ട	0476-2831355
24	ഫയർ & റസ്ക്യൂ സ്റ്റേഷൻ, ശാസ്താംകോട്ട	0476-2835101
25	വാട്ടർ അതോറിറ്റി, ശാസ്താംകോട്ട	0476-2830901
26	താലൂക്ക് സപ്ലൈ ഓഫീസർ, ശാസ്താംകോട്ട	0476-2830292
27	താലൂക്ക് എംപ്ലോയിമെന്റ് ഓഫീസ്, ശാസ്താംകോട്ട	0476-2834230
28	ജില്ലാ പഞ്ചായത്ത് ഓഫീസ്, കൊല്ലം	0474-2795198
29	ജില്ലാ കളക്ടർ, കൊല്ലം	0474-2794900
30	കളക്ട്രേറ്റ്, കൊല്ലം	0474-2793473
31	ഡെപ്യൂട്ടി കളക്ടർ, ഇലക്ഷൻ	0474-2798290
32	ദാരിദ്ര നിർമ്മാർജ്ജന യൂണിറ്റ്, കൊല്ലം	0474-2795673
33	ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം	0474-27934655

34	കുടുംബശ്രീ ഡി.എം.സി, കൊല്ലം	0474-2794692
35	എസ്.ഐ.ആർ.ഡി, കൊട്ടാരക്കര	08281972046
36	ഇ.റ്റി.സി, കൊട്ടാക്കര	
37	ഗവ.താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട	0476-2831899
38	തഹസീൽദാർ, കുന്നത്തൂർ	0476-2830345
39	താലൂക്ക് എംപ്ലോയ്മെന്റ് ഓഫീസ്, ശാസ്താംകോട്ട	0476-2834230
40	ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസ്, കൊല്ലം	0474-2740141
41	ജില്ലാ ലേബർ ഓഫീസ്, കൊല്ലം	0474-2794820
42	ജില്ലാ ആയൂർവ്വേദ ഹോസ്പിറ്റൽ, കൊല്ലം	0474-2745918
43	മെഡിക്കൽ കോളേജ്, തിരുവനന്തപുരം	0471-2444270
44	ജില്ലാ ആശുപത്രി അത്യാഹിത വിഭാഗം	0474-2750206
45	ജില്ലാ വിക്ടോറിയ ആശുപത്രി, കൊല്ലം	0474-2752700
46	ജില്ലാ ടി.ബി സെന്റർ, കൊല്ലം	0474-2748985
47	ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്	0471-2443152
48	കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്	0471-2447575
49	പോലീസ് ഹെൽപ്പ് സർവ്വീസ്	0474-2742993
50	ഫയർഫോഴ്സ്	0476-2835101
51	വാട്ടർ അതോറിറ്റി	0476-2830901
52	ക്രൈം സ്റ്റോപ്പർ	0474-2763694
53	ട്രാഫിക് പോലീസ് ഹെൽപ്പ് ലൈൻ	0474-2746000
54	ശാസ്താംകോട്ട ഇ.ഐ (എക്സൈസ്)	9400069457
55	കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി)	2750336
56	കൊല്ലം ജില്ലാ സഹകരണ ബാങ്ക്	0476-2852599
57	കാനറാ ബാങ്ക്, മൈനാഗപ്പള്ളി	0476-326509
58	ഇൻഡ്യൻ ബാങ്ക്, ഭരണിക്കാവ്	0476-2830354
59	എസ്.ബി.ടി, ശാസ്താംകോട്ട / മൈനാഗപ്പള്ളി	0476-2830234
60	ഡി.ബി കോളേജ്, ശാസ്താംകോട്ട	0476-2830323
61	ഗവ.കോളേജ്, ചവറ	0476-2680736
62	ഡെപ്യൂട്ടി സൂപ്രണ്ടന്റ് ഓഫ് പോലീസ്	0474-2450168
63	ടെലഫോൺ എൻക്വയറി	197
64	ടെലഫോൺ കംപ്ലൈന്റ്	198
65	ഇലക്ട്രിസിറ്റി കംപ്ലൈന്റ്	1912
66	താലൂക്ക് ഓഫീസ്, കുന്നത്തൂർ	0476-28330345
67	ടെലഫോൺ എക്സ്ചേഞ്ച്	0476-2851500
68	ഡയറി ഫാം ഇൻസ്ട്രക്ടർ	

വിവിധ പ്രവർത്തന കമ്മിറ്റികളും ഭാരവാഹികളും

		ചെയർമാൻ	കൺവീനർ
1	**ആരോഗ്യം**	ജെ. റഹിയാനത്ത്	മെഡിക്കൽ ആഫീസർ
2	**കല,സംസ്കാരം, യുവജനക്ഷേമം**	അമൃതാരതീശൻ	ഹെഡ് മാസ്റ്റർ
3	**കുടിവെള്ളം**	ഫർഹാന നസീർ	അസി എഞ്ചിനീയർ
4	**കൃഷി, മത്സ്യ ബന്ധനം**	അഡ്വ. പി.കെ. ഗോപകുമാർ	കൃഷി ആഫീസർ
5	**ജൈവവൈവിധ്യം, പരിസ്ഥിതി**	സന്ധ്യമധു	പഞ്ചായത്ത് സെക്രട്ടറി
6	**ദാരിദ്ര്യലഘൂകരണം, പാർപ്പിടം**	അബ്ദുൽ റഷീദ്	വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ
7	**പട്ടികജാതി, പട്ടികവർഗ്ഗവികസനം**	സന്തോഷ്	അസി. സെക്രട്ടറി
8	**പൊതുഭരണം, ധനകാര്യം, സദ്ഭരണം**	വർഗ്ഗീസ് തരകൻ	പഞ്ചായത്ത് സെക്രട്ടറി
9	**പൊതുമരാമത്ത്**	അഖിലാ ഭവനം സജീവ്	അസി. എഞ്ചിനീയർ
10	**പ്രാദേശിക സാമ്പത്തിക വികസനം**	ജോളി മാത്യു	വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ
11	**ബാലസൗഹൃദം**	നിഷ സന്തോഷ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ
12	**ഭിന്നശേഷി, ട്രാൻസ്ജെൻഡർ**	പ്രദീഷ് കുമാർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
13	**മണ്ണ്, ജലസംരക്ഷണം, തൊഴിലുറപ്പ്**	അനിതകുമാരി	കൃഷി ആഫീസർ
14	**മൃഗസംരക്ഷണം, ക്ഷീരവികസനം**	സിജു കോശി വൈദ്യൻ	ഡയറി ഫാം ഇൻസ്ട്രക്ടർ
15	**വനിത വികസനം**	സവിതാ ചന്ദ്രൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
16	**വിദ്യാഭ്യാസം**	എബി പാപ്പച്ചൻ	ഹെഡ് മാസ്റ്റർ
17	**ശുചിത്വം**	കെ. രാധാകൃഷ്ണപിള്ള	മെഡിക്കൽ ആഫീസർ
18	**ദുരന്തനിവാരണം**	റിയാസ്	പഞ്ചായത്ത് സെക്രട്ടറി
19	**വയോജനക്ഷേമം**	ഷെറീനാ സഞ്ജയ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ

1 കെട്ടിട നിർമ്മാണം നിയന്ത്രിക്കുക

2 പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക

3 പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക

4 കുളങ്ങളും മറ്റും ജലസംഭരണികളും സംരക്ഷിക്കുക

5 ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.

6 ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്ത് ക്രമീകരിക്കുക.

7 പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക.

8 പരിസ്ഥിതി ആരോഗ്യ രക്ഷയ്ക്കായി സംരക്ഷിക്കുക.

9 പൊതുമാർക്കറ്റുകൾ പരിപാലിക്കുക.

10 സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.

11 മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തു എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക.

12 ഭക്ഷണശാലകളെ നിയന്ത്രിക്കുക

13 ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക

14 റോഡുകളും മറ്റ് പൊതു മുതലുകളും സംരക്ഷിക്കുക

15 തെരുവുവിളക്കുകൾ കത്തിക്കുകയും അവരെ പരിപാലിക്കുകയും ചെയ്യുക.

16 രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.

17 രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.

18 ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

19 അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക.

20 ജനനവും മരണവും രജിസ്റ്റർ ചെയ്യുക

21 കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപ്പിക്കുക

22 കടത്തുകൾ ഏർപ്പെടുത്തുക

23 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക

24 യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

25 പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും, കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക

26 മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക

27 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക.

ബി. പൊതുവായ ചുമതലകൾ

1 ആവശ്യസ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.

2 സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുക.

3 മിതവ്യയം ശീലിക്കുന്നതിനും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക

4 മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.

5 വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക

6 കൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

7 പരിസ്ഥിതി സംബന്ധിച്ച ബോധവത്ക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നൽകുകയും ചെയ്യുക

8 സഹകരണ മേഖല വികസിപ്പിക്കുക

9 സാമുദായിക ഐക്യം മെച്ചപ്പെടുത്തുക

10 വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടു കൊടുക്കുന്നതുൾപ്പെടെ പണമോ വസ്തുക്കളായോ പ്രാദേശികമായി വിഭവ സമാഹരണം നടത്തുക

11 ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമബോധവത്ക്കരണം പ്രചരിപ്പിക്കുക

12 സാമ്പത്തിക കുറ്റിങ്ങൾക്കെതിരെ പ്രചാരണം നടത്തുക

13 പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക

14 പൗരധർമ്മത്തെപ്പറ്റി ബോധവത്ക്കരണം നടത്തുക

സി മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

1 കൃഷി

1 തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക

2 ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക

3 മണ്ണ് സംരക്ഷണം

4 ജൈവവള ഉത്പാദനം

5 തവാരണങ്ങൾ സ്ഥാപിക്കുക

6 സഹകരണകൂട്ടകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക

7 കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക

8 ഉദ്യാനകൃഷിയും പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കുക

9 കാലിത്തീറ്റവിള വികസനം

10 സസ്യ സംരക്ഷണം

11 വിത്ത് ഉല്പാദനം

12 കൃഷി ഇടങ്ങളുടെ യന്ത്ര വത്ക്കരണം

13 കൃഷി ഭവനങ്ങളുടെ നടത്തിപ്പ്

2 മൃഗസംരക്ഷണവും ക്ഷീരോൽപാദനവും

1 കന്നുകാലി വികസന പരിപാടികൾ

2 ക്ഷീരോൽപാദനം

3 കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക

4 മൃഗാശുപ്രതികൾ നടത്തുക

5 ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ നടത്തുക

6 മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യപരിപാടികൾ

7 മൃഗങ്ങളോടുള്ള ക്രൂരത തടയുക

8 പ്രത്യുല്പാദന ക്ഷമത വികസന പരിപാടികൾ നടപ്പാക്കുക

9 മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക

3 ചെറുകിട ജലസേചനം

1 ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക

2 എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക

3 ജലസംരക്ഷണം പ്രാവർത്തികമാക്കുക.

4 മത്സ്യബന്ധനം

1 കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലേയും ക്ഷാരജലത്തിലേയും മീൻ വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക.

2 മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക

3 മീൻ പിടിത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക

4 മത്സ്യ വിപണനത്തിലുള്ള സഹായം നൽകുക.

5 മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക

6 മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക

5 സാമൂഹ്യ വനവത്ക്കരണം

1 കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉല്പ്പാദിപ്പിക്കുക

2 വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.

3 പാഴ് ഭൂമിയെ വനവത്ക്കരിക്കുക

6 ചെറുകിട വ്യവസായങ്ങൾ

1 കുടിൽ – ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക

2 കൈതൊഴിലുകൾ പ്രോത്സാഹിപ്പിക്കുക

3 പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക

7 ഭവനനിർമ്മാണം

1 ഭവനരഹിതരേയും പുറമ്പോക്ക് നിവാസികളേയും കണ്ടെത്തി ഭവനനിർമ്മാണത്തിനായി ഭൂമിയും ഭവനങ്ങളും നൽകുക

2 ഗ്രാമീണ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുക

3 അഭയകേന്ദ്രങ്ങളുടെ ഉദ്ദാരണ പരിപാടികൾ നടപ്പാക്കുക

8 ജലവിതരണം

1 ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്

2 ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക

9 വിദ്യുച്ഛക്തിയും ഊർജ്ജവും

1 നിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക

2 ജൈവ വാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക

10 വിദ്യാഭ്യാസം

1 സർക്കാർ – പ്രീപ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും അപ്പർപ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ്

2 സാക്ഷരതാ പരിപാടികൾ നടപ്പാക്കുക

3 വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോത്സാഹനവും

11 പൊതുമരാമത്ത്

1 ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൽ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക

2 സർക്കാരിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയതുൾപ്പെടെ ഉള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്തുക.

12 പൊതുജനാരോഗ്യവും ശുചീകരണവും

1 ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായത്തിലും പെടുന്നവർ) നടത്തുക

2 മാതൃശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക

3 രോഗ വിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക

4 കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക

5 ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക

13 സാമൂഹ്യക്ഷേമം

1 അംഗൻവാടികൾ നടത്തുക

2 അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷക തൊഴിലാളികൾക്കുമുള്ള പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക

3 തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക

4 വിധവകളുടെ പെൺമക്കളുടെ വിവഹത്തിന് ധനസഹായം അനുവദിക്കുക

5 ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക

14 ദാരിദ്ര്യ നിർമ്മാർജ്ജനം

1 ദരിദ്രരെ കണ്ടെത്തുക

2 പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക്, സ്വയംതൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പാക്കുക

3 പാവപ്പെട്ടവർക്ക് തുടർച്ചയായി മിച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.

15 പട്ടികജാതി – പട്ടികവർഗ്ഗക വികസനം

1 എസ്.സി.പി, റ്റി.എസ്.പി ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലഭ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക

2 പട്ടികജാതിപട്ടികവർഗ്ഗങ്ങൾക്ക് വേണ്ടി നേഴ്സറി സ്കൂളുകൾ നടത്തുക

3 പട്ടികജാതിപട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക

4 പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക

5 പട്ടികജാതിപട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക.

16 കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും

1 കളിസ്ഥലങ്ങൾ നിർമ്മിക്കുക

2 സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കൽ

17 പൊതുവിതരണ സമ്പ്രദായം

1 പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക

2 അളവ്-തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക

3 റേഷൻ കടകളുടേയും മാവേലിസ്റ്റോറുകളുടേയും നീതി സ്റ്റോറുകളുടേയും മറ്റ് വിതരണ സമ്പ്രദായങ്ങളുടേയും പൊതുവായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

18 പ്രകൃതിക്ഷോഭ ദുരിതാശ്വാസം

1 ദുരിതാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക

2 പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പണികൾ നടത്തുക. ആസ്തികൾക്കുണ്ടായ നാശനഷ്ട ങ്ങൾ പരിഹരിക്കുന്ന ജോലികൾ അതത് പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതാണ്

19 സഹകരണം

1 ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.

വി.ബി.ജി റാംജി-പദ്ധതി

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 125 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തി 2047 ആകുമ്പോഴേക്കും വികസിത ഭാരതം എന്ന ലക്ഷ്യത്തോടെ 2026 ജൂലൈ 1 ന് വി.ബി.ജി റാംജി പദ്ധതി നിലവിൽ വന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയ മേഖലകളിലായി ത്രിതല പഞ്ചായത്തുകൾ വൈവിധ്യമാർന്ന ചുതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചു വരികയാണ്. കൃഷി, വ്യവസായം, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന ഗ്രാമപഞ്ചായത്തുകളെ അതിന്റെ ചുമതല നിർവ്വഹണത്തിന് പ്രാപ്തമാക്കുന്നതിനുവേണ്ടി ഏതാനും സ്ഥാപനങ്ങൾ 1995ലും തുടർന്നുള്ള വർഷങ്ങളിലും സർക്കാർ കൈമാറിയിരുന്നു.

1	കൃഷി വകുപ്പ്	:	അതാതു സ്ഥലത്തെ കൃഷിഭവൻ
2	മൃഗസംരക്ഷണ വകുപ്പ്	:	അതാതു സ്ഥലത്തെ വെറ്ററിനറി സബ്സെന്റർ, വെറ്ററിനറി ഡിസ്പെൻസറി, വെറ്ററിനറി ആശുപ്രതി
3	ക്ഷീര വികസനവകുപ്പ്	:	ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും (ഈ യൂണിറ്റ് ബ്ലോക്കു പഞ്ചായത്തു പ്രദേശത്തെ ഏതെങ്കിലും ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചയത്തിലും പ്രവർത്തിക്കേണ്ടതുമാണ്.)
4	മത്സ്യബന്ധന വകുപ്പ്	:	മത്സ്യഭവനും അതിലെ ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തികയും (ആവശ്യമായ ഗ്രാമപഞ്ചായത്തിൽ മാത്രം)
5	ഗ്രാമവികസന വകുപ്പ്	:	2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും ആഫീസും
6	സാമൂഹ്യക്ഷേമ വകുപ്പ്	:	അതാതുസ്ഥലത്തെ ഡേകെയർ സെന്റർ ഡോർമെറ്ററി
7	പട്ടികജാതി വികസനവകുപ്പ്	:	അതാതു സ്ഥലത്തെ ബാലവാടികൾ, ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസണൽ ഡേകെയർ സെന്റർ ഡോർമെറ്ററി
8	പട്ടികവർഗ്ഗവികസന വകുപ്പ്	:	അതാത് സ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്കൂളുകൾ, മീഡ്വൈഫറി സെന്ററുകൾ, ആയുർവ്വേദ ഡിസ്പെൻസറികൾ
9	ആരോഗ്യ വകുപ്പ്	:	അതാത് സ്ഥലത്തെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ഗവൺമെന്റ് ഡിസ്പെൻസറികൾ
10	ആയുർവ്വേദ വകുപ്പ്	:	അതാത് സ്ഥലത്തെ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി/ആശുപ്രതി
11	ഹോമിയോപ്പതി വകുപ്പ്	:	അതാത് സ്ഥലത്തെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി/ആശുപ്രതി
12	പൊതുവിദ്യാഭ്യാസ വകുപ്പ്	:	അതാത് സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി
13.	എൽ.എസ്.ജി.ഡി	:	എൻജിനീയറിംഗ് വിഭാഗം 1-1-2008 മുതൽ നിലവിൽവന്ന തദ്ദേശ സ്വയംഭരണ എൻജിനീയറിഗ് വിഭാഗമാണ് ഗ്രാമ പഞ്ചായത്തുകളുടെ പൊതുമരാമത്ത് പണികളുടെയും ചുമതല നിർവ്വഹിക്കുന്നത്.

ഇന്ന് പൗരന്മാർക്ക് ആവശ്യം ലഭിക്കേണ്ട സേവനങ്ങളുടെ ഭൂരിഭാഗവും പ്രദാനം ചെയ്യുന്നത് ഗ്രാമപഞ്ചായത്തുകളാണ്.

ഗ്രാമസഭ

ജനാധിപത്യത്തിന്റെറെയും അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനശിലയാണ് ഗ്രാമസഭ. ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക ഭരണഘടനാ സംവിധാനമാണിത്. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരുപാധിയാണ് ഗ്രാമസഭ. ഒരു ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടി സ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകരിച്ചിട്ടുള്ളത്. വാർഡിലെ മുഴുവൻ സമ്മതിദായകരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗമാണ് ഗ്രാമസഭാ കൺവീനർ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിരിക്കും. ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്താണ് യോഗം ചേരേണ്ടത്. മൂന്നുമാസത്തിലൊരിക്കൽ എന്ന കണക്കിൽ വർഷത്തിൽ 4 പ്രാവശ്യമെങ്കിലും ഗ്രാമസഭ യോഗം ചേരണം. ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗത്തേയും നിയമസഭാംഗത്തേയും നിർബന്ധമായും ഗ്രാമസഭ കൺവീനർ ക്ഷണിക്കേണ്ടതാണ്. ആകെ ഗ്രാമ സഭാംഗങ്ങളുടെ 10% ആണ് ക്വാറം. 10 ശതമാനത്തിലധികം സമ്മതിദായകർ രേഖാമൂലം ആവശ്യപ്പെട്ടാൽ രണ്ട് സാധാരാണയോഗങ്ങൾക്കിടയിൽ ഒരു പ്രത്യേകയോഗവും ചേരേണ്ടതുണ്ട്. ഗ്രാമസഭയുടെ യോഗം 3 മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി 2 തവണ വീഴ്ചവരുത്തിയാൽ ബന്ധപ്പെട്ട അംഗത്തിന്റെ അംഗത്വം നഷ്ടമാകുന്നതാണ്. സമ്മതിദായകർക്ക് തങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധിയുമായി വർഷത്തിൽ നാലു പ്രാവശ്യമെങ്കിലും മുഖാമുഖം സംവദിക്കാൻ ഗ്രാമസഭ അവസരമൊരുക്കുന്നു. മുൻവർഷത്തെ വികസനപരിപാടികളേയും നടപ്പുവർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസനപരിപാടികളേയും ഇതിനുവേണ്ടി വരുന്ന ചെലവിനേയും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻ വർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവ്വഹണാധികാരസ്ഥന്റെ ഒരു റിപ്പോർട്ടും ആദ്യ യോഗത്തിൽ ഗ്രാമസഭ മുമ്പാകെ വെക്കേണ്ടതാണ്. ഗ്രാമ സഭകളുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ത്രിതല പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭകൾക്ക് പ്രത്യേക ചുമതലകളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ഗ്രാമസഭ തയ്യാറാക്കുന്ന ലിസ്റ്റിലോ മുൻഗണനാക്രമത്തിലോ മാറ്റം വരുത്തുവാൻ പാടില്ല. ഗ്രാമസഭയിലൂടെയാണ് ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ ഉരുത്തിരിയുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഗ്രാമസഭകൾക്ക് പഞ്ചായത്തുകളെ ഗുണകരമായും മാതൃകാപരമായും നയിക്കാൻ കഴിയും.

അയൽസഭ/ വാർഡ് വികസനസമിതി/ ഗ്രാമകേന്ദ്രം

50 മുതൽ 100 വരെ കുടുംബങ്ങൾ ഉൾപ്പെട്ടതാണ് ഒരു അയൽസഭ, അതത് വാർഡിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും ഗ്രാമസഭയ്ക്ക് നിർദ്ദേശം നൽകുക, മുഴുവൻ കുടുംബങ്ങളിലേയും അംഗങ്ങളെ ഗ്രാമസഭയിൽ പങ്കെടുപ്പിക്കുക, കുടുംബ, വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളിൽ അർഹരായ ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക തയ്യാറാക്കുന്നതിന് സഹായിക്കുക, പ്രദേശത്തെ വികസന പരിപാടികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും മോണിട്ടറിംഗ് നടത്തുക. ശുചിത്വപരിപാലന പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബങ്ങളെ ബോധവാന്മാരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് അയൽസഭ നിർവ്വഹിക്കുന്നത്. അയൽസഭയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് 11 അംഗ സമിതിയാണ്.

അയൽസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുക, കൂടാതെ വാർഡ് പ്രദേശത്തെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും വികസന സമിതി പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുകയും പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക, ഗ്രാമസഭ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുക, ജനങ്ങൾക്കിടയിലുണ്ടാകുന്ന തർക്കങ്ങൾ, പരാതികൾ പരിഹരിക്കുന്നതിന് അദാലത്തുകൾ നടത്തുക. വർഷത്തിൽ ഒരു ഗ്രാമസഭ ഗ്രാമോത്സവമായി സംഘടിപ്പിക്കുവാൻ സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് വാർഡ് വികസന സമിതി നിർവ്വഹിക്കുന്നത്. പരമാവധി 25 അംഗങ്ങളാണ് വാർഡ് വികസനസമിതിയിൽ ഉള്ളത്.

ഗ്രാമസഭയുടെ ആഫീസായി പ്രവർത്തിക്കുക, വാർഡ് വികസനസമിതി, വാർഡ്തല ആരോഗ്യശുചിത്വപോഷണ സമിതി, വാർഡിലെ വിവിധ കർഷക സമിതികൾ, വാർഡ്തല ജാഗ്രതാസമിതി, പരിസ്ഥിതി സമിതി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി, ഗുണഭോക്തൃ സമിതികൾ, കുടുംബശ്രീ ഏ.ഡി.എസ് സാക്ഷരതാ സമിതി, വി.ബി.ജി. റാംജി പദ്ധതി ഏകോപന സമിതി, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ, പഞ്ചായത്തിന്റെ അനുമതിയോടെ രൂപീകരിക്കുന്ന മറ്റ് ജനകീയ സമിതികൾ എന്നിവയുടെ ആസ്ഥാനമായി പ്രവർത്തിക്കുക, വാർഡ് വികസനസമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രമായിരിക്കുക, പഞ്ചായത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു എക്സ്റ്റൻഷൻ കേന്ദ്രമായിരിക്കുക തുടങ്ങിയവ ഉൾപ്പെടുന്ന കേന്ദ്രമായിരിക്കണം ഗ്രാമകേന്ദ്രം. ആഴ്ചയിൽ 5 ദിവസം വൈകിട്ട് 3 മുതൽ 7 വരെയാണ് ഗ്രാമകേന്ദ്രം പ്രവർത്തിക്കുക

തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ

തദ്ദേശ സ്വയംഭര സ്ഥാപനങ്ങളിലെ പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതിയംഗങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് നേരിട്ടോ അല്ലാതെയോ നിയോഗിച്ചിട്ടുള്ളതും സ്ഥലം മാറ്റപ്പെട്ടതുമായ ഉദ്യോഗസ്ഥന്മാർ ഭരണപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴുണ്ടായേക്കാവുന്ന അഴിമതി, ദുർഭരണം, ക്രമക്കേടുകൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ നിയമാനുസൃതം അന്വേഷിച്ച് ആവശ്യമായ നടപടിയെടുക്കുയാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്മാന്റെ ചുമതല. പരാതികൾ ഏതൊരു വ്യക്തിക്കും ഇലനിലക്കാരുടെ സഹായമില്ലാതെ ഓംബുഡ്സ്മാൻ സെക്രട്ടറിക്ക് മുമ്പാകെ നേരിട്ടോ, രജിസ്ട്രേഡ്/സാധാരണ തപാൽ വഴിയോ നൽകാവുന്നതാണ്. വെള്ളക്കടലാസിൽ എഴുതിയ പരാതിയോടൊപ്പം ശരിയായി പുരിപ്പിച്ച ഫോറം എ (പത്ത് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത്) പരാതിയുടെ പകർപ്പുകൾ (എതിർ കക്ഷികളുടെ എണ്ണം + 2) എന്നിവയും സമർപ്പിക്കണം. കേരളാ പഞ്ചായത്ത് രാജ് നിയമത്തിലേയും ഓംബുഡ്മാൻ (പരാതി അന്വേഷണ വിചാരണയും സേവന വ്യവസ്ഥകളും) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്ത പരാതി പരിഗണിക്കുന്നതല്ല.

ഓംബുഡ്സ്മാന്റെ സിറ്റിംഗുകൾ തിരുവനന്തപുരത്തുള്ള ഓഫീസിലും, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലാ ആസ്ഥാനങ്ങളിലും നടത്തിവരുന്നു. പത്ത് രൂപായുടെ കോർട്ട് ഫീ സ്റ്റാമ്പിനുള്ള ചെലവൊഴിച്ച് മറ്റ് യാതൊരുവിധത്തിലുള്ള ഫീസുകളും കക്ഷികളിൽ നിന്നും ഈടാക്കുന്നതല്ല. കേസുമായി ബന്ധപ്പെട്ട ഏതൊരു വ്യക്തിക്കും ഓംബുഡ്സ്മാൻ മുമ്പാകെ അഭിഭാഷകന്റെയോ മറ്റ് പരസഹായം കൂടാതെയോ നേരിട്ടും നിർഭയമായും ഹാജരാകുന്നതിനും തങ്ങളുടെ വാദഗതികൾ അവതരിപ്പിച്ച് പരിഹാരം തേടുന്നതിനും കഴിയും പരാതി ഫോറം എ പഞ്ചായത്തിൽ ലഭ്യമാണ്.

വിലാസം : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ സാഫല്യം കോംപ്ലക്സ് (നാലാം നില), ട്രിഡാ ബിൽഡിംഗ്, യൂണിവേഴ്സിറ്റി പി. ഒ., തിരുവനന്തപുരം 695034

തദ്ദേശസ്വയംഭരണ ട്രൈബ്യൂണൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ, റിവിഷൻ എന്നിവ പരിഗണിക്കുകയും തീർപ്പ് കൽപ്പിക്കുകയുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി നിയമിച്ചി ട്ടുള്ള ട്രൈബ്യൂണലിന്റെ ചുമതല, ജില്ല ജഡ്ജിയുടെ പദവിയിലുള്ള ഒരു നീതിന്യായ ഉദ്യോഗസ്ഥനാണ് ട്രൈബ്യൂണലിനായി നിയമിക്കപ്പെടുന്നത്. കൂടാതെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഏതെങ്കിലും തീരുമാനത്തിന്റെ നിയമസാധുതയെപ്പറ്റിയോ നിലനിൽപ്പിനെപ്പറ്റിയോ സർക്കാരിൽ നിന്നും പരാമർശ ത്തിന്മേൽ അഭിപ്രായം നൽകാനും ട്രൈബ്യൂണലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഹർജികൾ ഏതു ഉത്തരവിന് എതിരായുള്ളതാണോ അതിന്റെ തീയതി മുതൽ 30 ദിവസത്തിനകം ഫോറം സി യിൽ നൽക ണം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ അപ്പീൽ ചെയ്ത് 60 ദിവസത്തി നകം ഫോറം സി യിൽ നൽകണം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ അപ്പീൽ ഫയൽ ചെയ്ത് 60 ദിവസത്തിനകം തീരുമാന മാകാത്ത സംഗതികളിൽ 90 ദിവസത്തിനകം ട്രൈബ്യൂണലിൽ ഹർജി നൽകിയാൽ മതിയാകും. ഹർജ്ജി യോടൊപ്പം ഹർജിയും അതുമായി ബന്ധപ്പെട്ട രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പും ഹർജിയിൽ എത്ര കക്ഷികളുണ്ടോ അത്രയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ട്രൈബ്യൂണൽ മുമ്പാകെ നേരിട്ടോ രജിസ്റ്റർ ചെയ്ത തപാലായോ നൽകാം. ഹർജിയോടൊപ്പം 50/ രൂപ ഫീസായി ട്രൈബ്യൂണലിന്റെ ഓഫീസിലെ തിരുവനന്തപുരത്ത് മാറാൻ കഴിയുന്ന ഡി.ഡി ആയോ ഒടുക്കാവുന്നതാണ്. കൂടാതെ 50 രൂപ ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പ് ഹർജിയിൽ പതിക്കേണ്ടതാണ്.

വിലാസം : സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ ന്യൂ കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 695034

വിവരാവകാശ നിയമം 2005

പൊതു അധികാരസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാരകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്ന തിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു. ഭരണഘടനാപ്രകാരമോ ലോകസഭയുടേയോ നിയമസഭകളുടേയോ നിയമം വഴിയോ സർക്കാർ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ രൂപീ കരിക്കപ്പെട്ടതോ ആയ എല്ലാ അധികാരികളും സ്ഥാപനങ്ങളും സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായധനം ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരും. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ പ്രമാണമോ രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടേയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ, ഏതു പദാർത്ഥത്തിന്റെയും സാക്ഷ്യ പ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കമ്പ്യൂട്ടറിലോ അതുപോലെയുള്ള മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങ ളിലോ ശേഖരിച്ചുവെച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ രൂപത്തിൽ പകർപ്പായി ലഭിക്കാനും ഏതൊരു പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സർക്കാർ ആഫീസുകളിലും പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരേയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരേയും നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാര്യത്തേക്കുറിച്ചും വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് അപേക്ഷ നൽകണം. രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ അപേക്ഷ നൽകാം. അപേക്ഷ എഴുതി നൽകാൻ കഴിയാത്ത വ്യക്തി പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്ന തിന് പബ്ലിക് ഇൻഫർമേഷൻ ആഫീസർ സഹായിക്കണം. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാ ണെന്ന് വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടുന്നതിനുള്ള വിലാസം മാത്രമെ അപേക്ഷയിൽ കാണിക്കേ ണ്ടതുള്ളു. വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ അവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹജരാക്കുന്നപക്ഷം നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫോർമേഷൻ ആഫീസർ അപേക്ഷകന് വിവ രം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. എന്നാൽ വ്യക്തിയുടെ ജീവനേയോ സ്വാതന്ത്ര്യത്തേയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കുറിനകം നൽകിയിരിക്കണം. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണമോ അവാസ് തവവുമായ വിവരമാണ് കിട്ടിയതെ ങ്കിലോ അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിക്ക് അപ്പീൽ സംവിധാനവും നിയമത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിയമം അനുശാസിക്കും വിധം വിവരം നൽകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ തിരെ ശിക്ഷണനടപടികളും നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനാണ് വിവരാകാശ നിയമം പ്രകാരമുള്ള പരാതികൾ തീർപ്പാക്കാനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതു മായ അധികാരസ്ഥാനം തിരുവനന്തപുരം പുന്നൻ റോഡിലാണ് കമ്മീഷന്റെ ആസ്ഥാനം.

സേവനാവകാശ നിയമം – 2012

സർക്കാർ ഓഫീസുകളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കാലതാ മസം കൂടാതെ ലഭിക്കുന്നതിന് സേവനങ്ങൾ അവകാശമാണ് എന്നുറപ്പുവരുത്തുന്നതിനുള്ള **"സേവ നാവകാശനിയമം 2012"** കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് 26.04.2013 ൽ അസാധാരണ ഗസറ്റ് വിജ്ഞാപനം (വോളിയം 2) പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്.

സേവനാവകാശ നിയമം ബാധകമാക്കിയ സേവനങ്ങളുടെ പട്ടിക

1 ജനന രജിസ്ട്രേഷൻ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്/1999ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)

2 ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് /1999 ലെ കേരള ജനനമരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)

3 മരണ രജിസ്ട്രേഷൻ (1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട്) (1999 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)

4 ജനനം/മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട്)

5 ജനന/മരണ സർട്ടിഫിക്കറ്റ്

6 ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ

7 വിദേശത്ത് നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം/ചട്ടങ്ങൾ വിധേയമായി)

8 വിവാഹ രജിസ്ട്രേഷൻ (1955 ലെ ഹിന്ദുവിവാഹ ആടക്ട്/1957 ലെ കരേള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ.)

9 വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ. 30 ദിവസത്തിന് ശേഷമുള്ളവ (1955 ലെ ഹിന്ദു വിവാഹ ആക്ട് /1957 ലെ കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ.)

10 വിവാഹ സർട്ടിഫിക്കറ്റ് (1955 ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ

11 വിവാഹ രജിസ്ട്രേഷൻ (2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിന് ശേഷമുള്ള വിവാഹ രജിസ്ട്രേഷൻ)

12 കെട്ടിട ഉമസ്ഥാവകാശം കൈമാറ്റം ചെയ്യൽ

13 കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

14 താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്

15 ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയ ആരംഭിക്കുന്നതിനുള്ള ലൈസൻസ്

16 വ്യാപാരസ്ഥാപനത്തിനുള്ള ലൈസൻസ്

ഈ പട്ടികയിലെ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നിയുക്ത ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഒന്നാം അപ്പീൽ അധികാരി പഞ്ചായത്ത് ജില്ലാ ജോയിന്റ് ഡയറക്ടറും രണ്ടാം അപ്പീൽ അധികാരി പഞ്ചായത്ത് പ്രിൻസിപ്പൽ ഡയറക്ടറുമാണ്.

സേവനം ലഭ്യമാക്കുന്ന നിശ്ചിത സമയപരിധി, അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ എന്നിവ ഈ പൗരാവകാശ രേഖയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവരാവകാശം അനുബന്ധിച്ച അധികാരികളുടെ വിവരങ്ങൾ

പബ്ലിക് ഇൻഫർമേഷൻ ആഫീസർ – ഗ്രാമപഞ്ചായത്ത് സെക്രട്ടറി
അസ്സി. പബ്ലിക് ഇൻഫർമേഷൻ ആഫീസർ – ഹെഡ്ക്ലാർക്ക്
അപ്പലേറ്റ് അതോറിറ്റി – പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കൊല്ലം

ഫ്രണ്ട് ആഫീസ് – ജനസൗഹൃദ കേന്ദ്രം

അപേക്ഷകളുടെയും മറ്റ് തപാലുകളുടെയും സ്വീകരണം, സേവനം നൽകൽ, അപേക്ഷകളുടെ അപ്പപ്പോഴത്തെ സ്ഥിതിയും വിവിധ വിവരങ്ങളും ലഭ്യമാക്കൽ തുടങ്ങിയ മുഖാമുഖ പ്രവർത്തനങ്ങൾ പൂർണ്ണമായും ഫ്രണ്ട് ആഫീസിൽ നിർവ്വഹിക്കുന്നതിനാൽ ആദ്യം വരുന്നവർക്ക് ആദ്യം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ സേവനം നൽകുന്ന ഏകജാലക സംവിധാനമായി ഫ്രണ്ട് ആഫീസ് പ്രവർത്തിക്കുന്നു. ഫ്രണ്ട് ആഫീസ് സംവിധാനം നടപ്പാക്കുക വഴി ചുവടെ പറയുന്ന നേട്ടങ്ങൾ സാധ്യമായിട്ടുള്ളതാണ്.

1 ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങളും വിവരങ്ങളും പൗരാവകാശരേഖയ്ക്കനുസൃതമായി ജനങ്ങൾക്ക് ലഭ്യമാകുന്നു.

2 ജനങ്ങളും ജനപ്രതിനിധികളും ജീവനക്കാരും നേരിടുന്ന പ്രതിസന്ധികളും പ്രയാസങ്ങളും മറികടന്ന് നിർവ്വഹണ കാര്യക്ഷമത വർദ്ധിക്കുന്നു.

3 ആദ്യം വരുന്നവർക്ക് ആദ്യം എന്ന നിലയിൽ സേവനം സാധ്യമാക്കുന്നു.

4 അഴിമതിക്ക് കാരണമാകുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുന്നു.

5 ഇടനിലക്കാരില്ലാതെ ശുപാർശകളില്ലാതെ മുൻഗണനാക്രമത്തിൽ സേവനം സാധ്യമാക്കുന്നു.

6 സുഗമമായ ആഫീസ് അന്തരീക്ഷവും സ്വസ്ഥമായ ആഫീസ് സാഹചര്യവും സൃഷ്ടിക്കുന്നു.

7 മുഴുവൻ ജീവനക്കാർക്കും പഞ്ചായത്തിലെ മുഴുവൻ നടപടി ക്രമങ്ങളെക്കുറിച്ചും അവഗാഹ മുണ്ടാക്കുന്നു.

8 ആഫീസ് പെർഫോമൻസ്/മാനേജ്മെന്റ് സാധ്യമാക്കുന്നു.

9 ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി പദവിയിലും അവസരങ്ങളിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പ് വരുത്തുവാൻ സഹായിക്കുന്നു.

10 സവനാവകാശം ഉറപ്പ് വരുത്തുന്നു.

11 ഭരണസംവിധാനത്തിന്റെ വിശ്വാസ്യത വർദ്ധിക്കുന്നു.

12 സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവുമായ ജനസേവനങ്ങൾ ഉറപ്പാക്കുന്നു.

13 പഞ്ചായത്തിലേക്കുള്ള പണവരവുകൾ ഫ്രണ്ട് ഓഫീസ് വഴിയാണ് സ്വീകരിക്കുന്നത്. ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1.15 വരെയും 2 മണി മുതൽ 5 മണി വരെയും ആണ്. പണമിടപാടുകൾ നടക്കുന്നത് 3 മണി വരെ.

ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്ന സേവനങ്ങൾ

പ്രസിഡന്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

നമ്പർ	ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന നിബന്ധനകൾ
1	സ്വഭാവ സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്, ശുപാർശ ഇവ സഹിതം പഞ്ചായത്ത് പ്രസിഡന്റിന്നേരിട്ട് അപേക്ഷ നൽകുന്നു.	
2	റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുന്നതിനും പുതിയ കാർഡിന് അപേക്ഷിക്കുന്നതിനുമുള്ള സാക്ഷ്യപത്രം	വാർഡ് മെമ്പറുടെ ശുപാർശ, ബന്ധപ്പെട്ട റേഷൻകാർഡുകൾ, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക.	
3	തൊഴിൽ രഹിതനാണെന്നുള്ള സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ ശുപാർശ കത്തോടുകൂടി പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് തിരിച്ചറിയൽ കാർഡ് സഹിതം അപേക്ഷ നൽകുക	
4	പേരിലോ വീട്ട് പേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ ശുപാർശ ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക.	
5	ലൈഫ് സർട്ടിഫിക്കറ്റ്	പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേമെന്റ് ഓർഡർ സഹിതം പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	
6	രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതനാണെന്ന് സാക്ഷ്യപ്പെടുത്തി കൊടുക്കുന്ന സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ സുപാർശ കത്തോടുകൂടി പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	
7	രജിസ്റ്റർ ചെയ്യാത്ത കേസിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ ശുപാർശ കത്തോടുകൂടി പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് - പൗരാവകാശ രേഖ (2026 മുതൽ പ്രാബല്യത്തിലുള്ളത്)

താഴെ പറയുന്ന സേവനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്.

ക്രമ നമ്പർ	ലഭ്യമാക്കുന്ന സേവനം		സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ	അപേക്ഷിക്കേണ്ട വിധം	അടയ്ക്കേണ്ട ഫീസ്	സേവനം ലഭ്യമാക്കുന്ന തീയതി
1	2	3	4	5	6	7
	1.1	ജനനം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സംഗതികൾ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	1. ജനന റിപ്പോർട്ട് ഫോറം നമ്പർ 1 2. ആധാർകാർഡ് (മരണപ്പെട്ടവ്യക്തിയുടെ വിവരം നൽകുന്ന വ്യക്തിയുടെ) (K smart മുഖേന അപേക്ഷിക്കണം)	ഇല്ല	7 പ്രവൃത്തി ദിവസത്തിനകം
	1.2	ജനനം നടന്ന് 21 ദിവസത്തിന് ശേഷം 30 ദിവസംവരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികൾ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	1. ജനന റിപ്പോർട്ട് ഫോറം നമ്പർ 1 2. രജിസ്ട്രേഷൻ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചു കൊണ്ടുള്ള 5 രൂപ കോർട്ട് ഫീ പതിച്ച അപേക്ഷ(അനുബന്ധം 2) 3 ആധാർകാർഡ് (K smart മുഖേന അപേക്ഷിക്കണം)	ലേറ്റ് ഫീ 2 രൂപ	7 പ്രവൃത്തി ദിവസത്തിനകം
